# അക്ഷരത്തിളക്കത്തിലെ കുട്ടനാടത്തം

(മൺമറഞ്ഞ അയ്യപ്പപ്പണിക്കരുടെ ഓർമ്മയ്ക്കായി കേരളകവിത 2007 ൽ ലേഖകൻ പ്രസിദ്ധീകരിച്ച ശ്രദ്ധാഞ്ജലി)

ഉപ്പാലിയമ്മ അഥവാ ഉമ്മിണിയമ്മ വഴി ഞാനും, ളാച്ചിയമ്മ വഴി അയ്യപ്പപ്പണിക്കരും ബന്ധപ്പെട്ടിരിക്കുന്നു. തലമുറകളുടെ വിടവിൽ അമ്മാവന്റെ സ്ഥാനമെനിക്കുണ്ടെങ്കിലും, എന്നെക്കാൾ എട്ടുവയസ്സ് കൂടുതലുള്ള പണിക്കർചേട്ടന് ഞാൻ വേലാംകുഞ്ഞും എനിക്കു പണിക്കർ ചേട്ടനുമായിരുന്നു. ഏറ്റവുമൊടുക്കം, ആ കാൽതൊട്ടു വന്ദിച്ചു പിരിയുമ്പോൾ "എല്ലാറ്റിനും നന്ദി" എന്ന ഹൃദയത്തിൽ തൊട്ടവാക്കുകൾ ഇന്നും ചെവിയിൽ മുഴങ്ങുന്നു. ഇതേ വികാരം അയ്യപ്പണിക്കരോട് ബന്ധപ്പെട്ടവരെല്ലാം തന്നെ മനസ്സിൽ സൂക്ഷിക്കുന്നുവെന്നും അറിയാം.

രചനയുടെ ഉദാത്തഭാവുകത്വത്തിൽ നിന്നും സാധാരണയിൽ സാധാരണമായ ലോകധർമ്മിയുടെ തലത്തിലേക്കുള്ള പരിവർത്തനം അയ്യപ്പപ്പണിക്കരുടെ സാഹിത്യ സൃഷ്ടിയിലെ പ്രത്യേകതയായിരുന്നു. ഇതിലെ വൈരുദ്ധ്യങ്ങൾ ബ്രഹ്മപുത്രനിൽ നിന്ന് ഹസീദ-രഞ്ജിത്ത് പ്രണയകഥയിലേക്കുള്ള മൊഴിമാറ്റം ദോഷൈകദൃക്കുകൾക്കു പൊരുത്തമില്ലായ്മയായി തോന്നാമെങ്കിലും ഒന്നിനുമറ്റൊന്നു താങ്ങായി മാറുന്ന ഒരു നൂതന ചിന്താധാര തുറക്കപ്പെടുന്നുണ്ടെന്നതാണ് ആത്യന്തികമായി സംഭവിക്കുന്നത്. അതേ വികാരം, പകലിന്റെ പിന്നിലെ രാത്രിയായോ, രാധയ്ക്കുപിന്നിലെ കൃഷ്ണസങ്കല്പമായോ, പ്രകൃതിയെ അനുവാചകരോടടുപ്പിക്കുന്ന സുസ്വരമായോ രൂപം കൊള്ളുന്നു. കരദർശനം ഒരു മംഗളമായ ചടങ്ങാണെങ്കിലും, ഹൃദയരേഖകാണാൻ കഴിയാത്ത കരദർശനം അർത്ഥശൂന്യമെന്ന് അറിയുന്ന കവിയായിരുന്നു അയ്യപ്പപ്പണിക്കർ. അദ്ദേഹത്തിലെ കവി ഒരിക്കലും അദ്ദേഹത്തിലുള്ള മനുഷ്യസ്നേഹത്തിനോ, ബന്ധത്തിനോ പ്രതിബ

ന്ധമായിരുന്നിട്ടില്ല. മറിച്ച്, അദ്ദേഹത്തിലെ വിശ്വപ്രേമം തന്നെയാവാം കവിതയുടെയും വാക്കുകൾക്കുള്ളിലെ ഫലിതത്തിന്റെയും ഉറവിടം. ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പ്രായേണ ഏറെ അറിയപ്പെടാത്ത നാടോടിക്കവിതകളെപ്പോലും തേടിച്ചെന്ന് മലയാളത്തോടടുപ്പിച്ച ചേതോവികാരവും ഇതുതന്നെ. അതേപോലെ, മലയാളകവിതയേയും മലയാളത്തേയും കേരളത്തിന്റെ കുറിയ അതിരുകളെ ഭേദിച്ച് അന്യ ഭാരതീയ ലോക ഭാഷകളിലേക്ക് സംക്രമിപ്പിക്കുക എന്ന കർമ്മം ഒരു മലയാളകവിയെന്ന നിലയിൽ നിന്നും വിശ്വമാനവികതയിലേക്ക് ഉയർത്തി. പണിക്കരുടെ ഇംഗ്ലീഷ് പരിജ്ഞാനം ഇതിന് ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. സമാനതകളും, അന്യോന്യതയും കാവാലത്തിന്റെ നാടക പ്രസ്ഥാനത്തോടും അതിനോരു ചേരുന്ന ചൊൽക്കാഴ്ചയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ക്ഷിപ്ര-പ്രശസ്തിയുടെയെല്ലാം അപ്പുറത്തായി, വരും തലമുറകൾക്ക് അപഗ്രഥിച്ച് മനസിലാക്കാനുള്ള ഒട്ടേറെ സമസ്യകൾ ലോകത്തിനുമുൻപിൽ അവതരിപ്പിച്ചിട്ടാണ് അദ്ദേഹം വിടവാങ്ങിയത്. ബാക്കിയുള്ളത് കാലത്തിനു വിട്ടുകൊടുക്കുക.

കുന്നായ്മകളെപ്പറ്റി എഴുതിയ ഈ കവിക്ക് അതുമായി പുലബന്ധംപോലും പുലർത്താനാവില്ല. ജീവിതം കൊടുത്ത കടുക്കക്കഷായം പോലും കുടിച്ചിറക്കിയതോ ഫലിതത്തിലൂടെ മാത്രം. ഇതിലൊക്കെ, സ്വതസിദ്ധമായ ഒരു കുട്ടനാടത്തം ഉണ്ടായിരുന്നു. ഒരുപക്ഷെ, അതു തന്നെയാവാം, കാവാലത്ത് വളക്കൂറുള്ള മണ്ണിൽ വീണ്ടുമൊരു ബീജമായിത്തീരാൻ കൊതിച്ചിവിടെത്തന്നെ മടങ്ങിവരാൻ കാരണം. കുട്ടനാടിന് ചുട്ടനാടിന്റെ ഒരു ചരിത്രമുണ്ട്. പാണ്ഡവർക്ക് താമസിക്കേണ്ടിവന്ന ഒരു വനപ്രദേശം പിന്നീട് തീപിടിച്ച് ചുട്ട കരിപ്രദേശങ്ങളാണ് വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാട്ടിലുള്ളത് എന്ന ഒരു ചൊല്ലുണ്ട്. “നെല്ല് പണം ചക്രം കാശ്” എന്ന പുറംതോടണിഞ്ഞ പ്രാപഞ്ചികന്മാരാണ് സാധാരണ കുട്ടനാടൻ മക്കളെന്ന് തോന്നാം. പൂക്കൈതയാറിന്റെ ആഴവും, പരപ്പും ഒഴുക്കുമൊക്കെയായിരിക്കാം, അതുക്കുമീതെ തോണികടത്താം എന്നുള്ള നിശ്ചയദാർഢ്യത്തിന് ചുക്കാൻ പിടിച്ചത്. അവരുടെ പുറം തോടൊന്നു പൊളിച്ചാൽ, ഭഗവദ്ഗീതതൊട്ട് ശ്യാമളാദണ്ഡകം, സൗന്ദര്യ ലഹരി വരെ ശ്ലോകങ്ങൾ ചൊല്ലാനും അർത്ഥം പറയാനും കെൽപുള്ള സാധാരണക്കാരുടെ നാടായിരുന്നു കുട്ടനാട്. കറ്റമെതിക്കുന്ന താളത്തിൽ തുള്ളൽ കൃതികളും, എഴുത്തച്ഛൻ രാമായണവും കളത്തിൽ മുഴങ്ങുന്ന ചൊൽക്കാഴ്ച ഇന്നും മനസ്സിലുണ്ട്. പുതുപ്രതിഭകളെ സ്വീകരിക്കുവാൻ എപ്പോഴും വൈകുന്ന ഒരു സമ്പന്നഭൂവിഭാഗമാണു കുട്ടനാട്.

അവധിക്കാലത്ത് കോട്ടയത്തുനിന്നും പിന്നീട് കോഴിക്കോട്ടുനിന്നും ഓലിക്കൽ വന്നുകൊണ്ടിരുന്ന പണിക്കർ ചേട്ടനെയാണ് എന്റെ സ്കൂൾ ജീവിതത്തിലെ ഓർമ്മ. പനിനീർപ്പൂക്കൾ എന്ന പേരിലാണെന്നു തോന്നുന്നു ഒരു കവിതാസമാഹാരം പ്രസിദ്ധീകരിച്ച കാലം. ഞങ്ങൾക്കെല്ലാം പ്രിയപ്പെട്ട മലയാളം മുൻഷിസാർ ഒരു സായംസന്ധ്യയിൽ സ്കൂളങ്കണത്തിൽ വച്ച് അയ്യപ്പപ്പണിക്കരോട് ശാസനാരൂപേണ പറഞ്ഞത് ഇന്നും ഓർക്കുന്നു. ആശാനും, ഉള്ളൂരും, വള്ളത്തോളുമൊക്കെ വായിച്ച് മനസ്സിലാക്കിയിട്ടു വേണം കവിതയെഴുത്ത് തുടങ്ങാൻ. അത്ര പതംവന്ന ഫലിതമായിരുന്നില്ലെങ്കിലും അതിന് മറുപടിയായി തന്റെ കവിതയും വേറിട്ടൊരു ശൈലിയാണെന്നും അനുകരണമല്ലെന്നും സാറിനോടു പറയുന്ന നിശ്ചയദാർഢ്യം ഇന്നു ഞാൻ തിരിച്ചറിയുന്നു. പിനിനീർപ്പൂക്കളുടെ ശൈലിയിൽ നിന്നും വേർപിരിഞ്ഞെങ്കിലും, പിന്നീട് പതം വന്ന് വികസിച്ച കാവ്യമീമാംസയിൽ സ്വന്തമായൊരു മാർഗ്ഗത്തിലൂടെ സമഗ്രമായ ഒരു കാഴ്ചപ്പാടിനു വഴിവെച്ചു കടന്നുപോയ വീഥികളിലെത്ര സഹയാത്രികർ! എത്ര വിദ്യാർത്ഥികൾ! ജീവിതത്തെത്തന്നെ, അറിവിന്റെ അറിയലാക്കി മാറ്റിയ ഈ ഏകതാനതയുടെ മൂല്യം വരുംകാലങ്ങളിലാണ് വാചാലമാവുക. അതിനുപാകമായ ശിഷ്യസമ്പത്തും, സുഹൃത്തുക്കളും ലോകമെമ്പാടും പരന്നു കിടക്കുന്നു.

ഈ ഓർമ്മക്കുറിപ്പ് അവസാനിപ്പിക്കുന്നതിനുമുമ്പ്, 64-ാം വയസ്സിൽ ഈ ലേഖകനെ യുവകവിയാക്കിയ ഒരു സ്വകാര്യസംഭവം കൂടെ പറയട്ടെ. 37 വർഷങ്ങൾക്കുമുൻപ് തുടങ്ങിയ കേരളകവിതയുടെ 2003 ലെ പ്രകാശനകർമ്മം കാവാലത്ത് നടക്കുന്നു. 1964 ലോ മറ്റോ സമന്വയം എന്ന ഒരു മാസികയിൽ ആമത്താലി എന്ന എന്റെ ഒരു കവിത പ്രസിദ്ധീകരിച്ചതൊഴിച്ച്, സ്വകാര്യ കുടുംബസദസ്സിലൊക്കെ മാത്രം കവിത ചൊല്ലിയിരുന്ന എന്റെ 'ജനനം ജീവിതം മരണം' എന്നൊരു കവിത പണിക്കർ ചേട്ടന്റെ കൈയ്യിൽപ്പെട്ടു. ആകെക്കൂടെ ഒരുകൂട്ടം അഭിപ്രായം മാത്രം പറഞ്ഞു. 'ഇതെന്റെ കൈയ്യിലിരിക്കട്ടെ. ഒരറിവിന്റെ അറിയലല്ലേ' എന്നാൽ, അതിനൊരു വെട്ടും തിരുത്തുമില്ലാതെ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞത് സമ്മേളനത്തിന് മുമ്പ് അത് വായിച്ച് ഉദ്ഘാടനകർമ്മം നടത്തണമെന്ന് പറഞ്ഞപ്പോഴാണ്. 68 വയസ്സായ എന്റെഅനുഭവം തന്നെ 15 വയസ്സായ അപർണ്ണ സുധയ്ക്കും, അതുപോലെ എത്ര ബാല-കൗമാര-യുവകവികൾക്കും കഴിഞ്ഞ മുപ്പത്തേഴു വർഷങ്ങളായി തോന്നണമെങ്കിൽ അതു തന്നെ കേരള കവിത തുടർന്നു കൊണ്ടുപോകുന്നവർക്ക് പ്രചോദനമാകട്ടെ.

ഇതുതന്നെയാണ് അയ്യപ്പണിക്കർക്കുള്ള ഒരു സ്മാരകവും. ●